(സി) സംസ്ഥാനത്ത് മരണം റിപ്പോർട്ട് ചെയ്യുന്നവരിൽ എല്ലാം എച്ച്.ഐ.വി. പരിശോധന നടത്തുന്ന രീതി നിലവിലില്ലാത്തതിനാൽ എയ്ഡ്സ് മൂലം മരിക്കാനിടയായവരുടെ കൃത്യമായ കണക്ക് അറിയാൻ നിലവിൽ സംവിധാനമില്ല.

ലഭ്യമായ കണക്കുകൾ അനുസരിച്ച് സംസ്ഥാനത്ത് 202 എയ്ഡ്സ് രോഗികൾ ചികിത്സയിലാണ്. രോഗ നിർണ്ണയത്തിനുശേഷം 1-2 വർഷങ്ങൾക്കുള്ളിൽ ഇവർക്ക് മരണം സംഭവിക്കാറുണ്ട്.

(ഡി) കേരളത്തിൽ ഈ രോഗം പിടിപെടുന്നത് 90% ത്തിലേറെയും സുരക്ഷിതമല്ലാത്ത ലൈംഗികബന്ധത്തിലൂടെയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിനാൽ സുരക്ഷിതമായ ലൈംഗികബന്ധത്തെക്കുറിച്ചുള്ള വ്യാപകമായ ബോധവൽക്കരണം വിവിധ സന്നദ്ധസംഘടനകൾ വഴി നടപ്പാക്കുന്നുണ്ട്. കൂടാതെ ഗുണനിലവാരമുള്ള ഉറയുടെ ലഭ്യത എല്ലാ സ്ഥലങ്ങളിലും ഉറപ്പാക്കിവരുന്നുണ്ട്.

ഔഷധ വ്യവസായ പാർക്ക്

133(875)ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഔഷധ വ്യവസായപാർക്ക് ആരംഭിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പ്രസ്തുത പാർക്ക് എവിടെയാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്നും ഇത് എന്നത്തേയ്ക്ക് നിലവിൽ വരുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) ബാധകമല്ല.

മെഡിക്കൽ രംഗത്തും യു.ജി.സി. പദ്ധതി നടപ്പിലാക്കുവാൻ നടപടി

134(876)ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ കോളേജ്, ആയുർവേദ കോളേജ്, ഹോമിയോ കോളേജ്, ഡന്റൽ കോളേജ്, ഫാർമസി കോളേജ്, നഴ്സിംഗ് കോളേജ് എന്നിവിടങ്ങളിൽ യു.ജി.സി. പദ്ധതി നടപ്പിലാക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly